

# പൂമൊട്ടുകൾ

## ഇമാം അബൂഹനീഫ

ഇമാം അബൂഹനീഫ ഒരു യാത്രയിലായിരുന്നു. യാത്രക്കിടയിൽ രാത്രി ഇശാ നമസ്കരിക്കുന്നതിനായി അദ്ദേഹം ഒരു പള്ളിയിൽ കയറി. നമസ്കാര ശേഷം അവിടെത്തന്നെ കിടന്നുറങ്ങാൻ തീരുമാനിച്ചു. എന്നാൽ, പള്ളിയിലെ ജോലിക്കാരൻ ഇവിടെ കിടന്നുറങ്ങാൻ പറ്റില്ലെന്ന് പറഞ്ഞു. യാത്രക്കാരനാണെന്ന് പറഞ്ഞിട്ടും അബൂഹനീഫയെ അയാൾ പുറത്താക്കി.

അവിടെ ഖുബ്ബൂസ് റൊട്ടി നിർമിച്ച് വിൽക്കുന്ന ഒരു നാട്ടുകാരൻ ഇതു കാണുന്നുണ്ടായിരുന്നു. അയാൾ ഇമാമിനെ വീട്ടിലേക്ക് കൊണ്ടുപോയി അതിഥിയായി സ്വീകരിച്ചു. ഭക്ഷണം കഴിക്കുന്നതിനിടയിലും വീട്ടുകാരൻ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

ഇമാം അബൂഹനീഫ അയാളോട് എന്തിനാണ് ഇങ്ങനെ നിരന്തരം പ്രാർത്ഥന ചൊല്ലുന്നത് എന്നും ചോദിച്ചു.

എന്റെ കുറെ ആഗ്രഹങ്ങൾ പടച്ചോൻ നിറവേറ്റിത്തന്നെന്നും ഇനി ഇമാം അബൂഹനീഫയെ നേരിട്ടു കാണണമെന്ന ആഗ്രഹം കൂടിയുണ്ട് എന്ന് അദ്ദേഹം പറഞ്ഞു.

'ഞാനാണ് അബൂ ഹനീഫ' എന്ന് ഇമാം പറഞ്ഞതും വീട്ടുകാരൻ വിശ്വസിക്കാനാവാതെ ഇമാമിനെ ആലിംഗനം ചെയ്തു.

**ആയിശ സന**
ക്ലാസ് -7, ഐ.എസ്.എസ് സ്കൂൾ
പൊന്നാനി



**ഇഫത്ത് ഫാത്തിമ എം.**
മദ്റസതുൽ അമാൻ കൊല്ലങ്ങോട്



**മാളവിക എം**, ക്ലാസ്-6
ജി.യു.പി.എസ് പേക്കിലപ്പറമ്പ്

# നന്മതിന്മകളുടെ പ്രതിനിധികൾ




ഈ ലക്കത്തിലെ രണ്ടു രചനകൾ ഏറ്റവും നന്മനിറഞ്ഞ ഒരു വ്യക്തിയെയും ഏറ്റവും ക്രൂരമായ ഒരു വ്യക്തിയെയും സ്മരിക്കുന്നു. ഏല്ലാവരും ആദരിക്കുന്ന മഹാപണ്ഡിതനായിട്ടും ദരിദ്രനും അജ്ഞാതനുമായ് ജീവിച്ച് ഒരു ദിവസം പള്ളിയിൽ നിന്ന് ജോലിക്കാരനാൽ പുറത്താക്കപ്പെടുന്ന ഇമാം അബൂഹനീഫ എന്ന മഹാനെപറ്റിയുള്ളതാണ് ആദ്യത്തേത്.

രണ്ടാമത്തേത് ആൻഫ്രാങ്ക് എന്ന പെൺകുട്ടിയെക്കുറിച്ചാണെങ്കിലും അതിൽ നിറഞ്ഞു നിൽക്കുന്നത് അവളുടെ മരണത്തിന് കാരണമായ ക്രൂരനായ ഹിറ്റ്ലർ എന്ന ഏകാധിപതിയാണ്. ഈ പറഞ്ഞ രണ്ടുപേരും ദരിദ്രരായിരുന്നെങ്കിലും ഒരാൾ മനുഷ്യനന്മയെ ലക്ഷ്യമാക്കി ജീവിച്ചു. മറ്റയാളാവട്ടെ നാശത്തിന്റെയും അധികാര പ്രയോഗത്തിന്റെയും പാത തിരഞ്ഞെടുത്തു.

ഈ ജീവചരിത്ര സംബന്ധമായ കൊച്ചു കുറിപ്പുകൾ ചരിത്രത്തിൽ മനുഷ്യർ എങ്ങിനെ വ്യത്യസ്തരായിരുന്നു എന്ന് കാണിച്ചു തരുന്നു. തിന്മ നിറഞ്ഞവർ മറ്റുള്ളവർക്ക് വലിയ ഭാരമാകുമ്പോൾ നന്മയുള്ളവർ ലോകത്തെ എങ്ങിനെയാണ് പരിവർത്തിച്ചിരുന്നു എന്ന് മനസിലാക്കാൻ നിങ്ങളെ സഹായിക്കുന്നു.

**സസ്നേഹം**
**മാഷ്**

# ആൻഫ്രാങ്കും ഹിറ്റ്ലറും

കൂട്ടുകാർ ആൻഫ്രാങ്ക് എന്ന് കേട്ടിട്ടില്ലേ..? 1929 ജൂൺ 12-നാണ് ജർമനിയിൽ ആൻഫ്രാങ്കിന്റെ ജനനം. ഒട്ടേറെ സ്വപ്നങ്ങൾ ഉണ്ടായിരുന്നു ആൻഫ്രാങ്കിന്. പക്ഷേ, ഹിറ്റ്ലറുടെ ബെൽസൺ ക്യാമ്പിൽ വെച്ച് ആ ബാലിക 16 വയസ്സുള്ളപ്പോൾ ടൈഫസ് രോഗവും പട്ടിണിയും കൊണ്ട് മരണപ്പെട്ടു. ഹിറ്റ്ലറുടെ ക്രൂരതയുടെ ഇരയാണ് ആൻഫ്രാങ്ക്.

1889 ഏപ്രിൽ 20-നാണ് ഹിറ്റ്ലറുടെ ജനനം. ഹിറ്റ്ലറും ഒരു സ്വപ്നം കണ്ടിരുന്നു, ഒരു ആർട്ടിസ്റ്റ് ആകണം എന്ന്. പക്ഷേ ലോകം കണ്ട ഏറ്റവും ക്രൂരനായ ഏകാധിപതിയായാണ് അയാൾ പിന്നീട് മാറിയത്. ആര്യജനത ഏറ്റവും ശ്രേഷ്ഠരാണെന്നും ജൂതരടക്കമുള്ളവരെ വധിക്കണമെന്നും അയാൾ ആജ്ഞാപിച്ചു. രണ്ടാം ലോകയുദ്ധകാലത്ത് അയാൾ ലോകത്തെകിടുകിട വിറപ്പിച്ചു.

കൂട്ടുകാരേ, ആൻഫ്രാങ്കിന്റെ ഡയറി നിങ്ങൾ വായിച്ചിട്ടുണ്ടോ? മലയാളത്തിൽ അതിന്റെ പരിഭാഷയുണ്ട്. അത് വായനശാലയിൽ നിന്ന് എടുത്ത് വായിക്കണം. വല്ലാത്ത വായനാനുഭവം ആയിരിക്കുമത്.

**നമിയ ഹക്കീം,** ക്ലാസ് 9
അൽമദ്റസത്തുൽ ഇസ്ലാമിയ, കീരിയാട്

# മാതൃസ്നേഹം

വെളിച്ചത്തിൽ നിറയുന്ന
മഴവില്ലിൻ ഭംഗിയിൽ
വിടരുന്ന മനമാണെന്നമ്മ
തലയിൽ തലോടി ശാസിച്ചു നിർത്തുന്ന
വെളിച്ചത്തിൻ നോവാണെന്നമ്മ
പുഴപോലെ ഒഴുകി മണ്ണിന്റെ മണമുള്ള
നിറയുന്ന സൗരഭ്യമമ്മ
ദൈവത്തിൻ താഴ്‌വരയിൽ
മൃദുലമായൊഴുകുന്ന
ജീവന്റെ ജീവനാണമ്മ
പ്രപഞ്ചത്തിൻ ഭംഗിയിൽ
ഒഴുകി അകലുന്നൊരു
താരാട്ടു പാട്ടാണെന്നമ്മ!

**വൃന്ദ ജയൻ**
പെരുമ്പാടിക്കുന്ന്

ഏറ്റവും ആദ്യം കണ്ടുപിടിച്ച ആസിഡ്- അസറ്റിക് ആസിഡ്